LIBRARY ARCHIVES Kerala Legislative Assembly

**മീതുരിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഭൂമിയുടെ കൈമാറ്റം**

150 (6405) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ മീതുർ എന്ന സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥലം, കെ.എസ്.ഇ.ബിയുടെ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി കൈമാറ്റം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) ഈ സ്ഥലം കെ.എസ്.ഇ.ബി.-യ്ക്ക് എന്നത്തേയ്ക്ക് കൈമാറാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കെ.എസ്.ഇ.ബി.-യുടെ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥലം കൈമാറുന്നതിനുള്ള ഒരു പ്രൊപ്പോസലും നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയ്ക്കായി വന്നിട്ടില്ല.

**മുതുകുളം മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

151 (6406) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ മുതുകുളത്ത് പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ നിലവിലുള്ള പഴയ കെട്ടിടം പുതുക്കി പണിയുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ മുതുകുളം മൃഗാശുപത്രിയുടെ നിലവിലുള്ള പഴയ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 2016-17-ൽ 19,75,000 രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.